## ക്രിസ്തു ദൈവത്തിന്റെ വചനം

**I. യോഹന്നാൻ അധ്യായം 1, യോഹന്നാന്റെ മുഴുവൻ സുവിശേഷത്തിന്റെ ആമുഖമാണ്, ഈ ആമുഖത്തിന്റെ പ്രധാന ഊന്നൽ ക്രിസ്തു ദൈവത്തിന്റെ വചനം—മാർമികനും അദൃശ്യനുമായ ദൈവത്തിന്റെ നിർവചനവും, വിശദീകരണവും, ആവിഷ്കാരവും—ആകുന്നു എന്നാണ്**

- ദൈവവചനമെന്ന നിലയിൽ ക്രിസ്തു വലിയവനായ ഞാൻ ആകുന്നവൻ, ആരംഭമോ അവസാനമോ ഇല്ലാത്ത നിത്യനാണ്
- നിത്യതയുടെ രണ്ട് ഭാഗങ്ങളോടും, സമയത്തിന്റെ പാലത്തോടുംകൂടെ, പ്രപഞ്ചത്തിന്റെ ചരിത്രത്തിലെ മഹത്തായ അഞ്ച് സംഭവങ്ങളിൽ—1) സൃഷ്ടിപ്പിലെ സ്രഷ്ടാവ്, 2) ജഡാവതാരത്തിൽ കൂടാരമടിച്ച മനുഷ്യൻ, 3) വീണ്ടെടുപ്പിലുള്ള കുഞ്ഞാടു, 4) രൂപാന്തരത്തിലുള്ള അഭിഷേചിക്കുന്ന ആത്മാവു, 5) ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ഭൂമിയെ സ്വർഗത്തിലേക്ക് യോജിപ്പിക്കുന്ന ഗോവണി—ദൈവത്തിന്റെ വചനമായ ക്രിസ്തു അദൃശ്യനായ ദൈവത്തെ നിർവചിക്കുകയും, വിശദീകരിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുന്നു

## ദൈവത്തിന്റെ സൃഷ്ടിയിലൂടെ—ദൃശ്യമായത് അദൃശ്യമായതിനെക്കുറിച്ച് സംസാരിക്കുന്നു

**II. തന്റെ സൃഷ്ടിയിലൂടെ ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിനുവേണ്ടി സംസാരിക്കുന്നു**

- ദൈവം അദൃശ്യനാണെങ്കിലും, അവൻ സൃഷ്ടിച്ച വസ്തുക്കളിലൂടെ നമുക്ക് അവനെ അറിയുവാൻ കഴിയും. അതായത് ദൃശ്യമായ സൃഷ്ടി അദൃശ്യമായതിനെക്കുറിച്ച് സംസാരിക്കുന്നു

## ദൈവത്തിന്റെ കൂടാരമായി—ദൈവം സാക്ഷാൽക്കരിക്കപ്പെടുന്നു

**III. ദൈവത്തിന്റെ കൂടാരമെന്ന നിലയിൽ ജഡാവതാരത്തിലൂടെ ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിനു വേണ്ടി സംസാരിക്കുന്നു**

- വചനം ജഡാവതാരം ചെയ്തതിലൂടെ കൃപയും യാഥാർഥ്യവും നിറഞ്ഞവനായി മനുഷ്യരുടെ ഇടയിൽ ഭൂമിയിലുള്ള ദൈവത്തിന്റെ കൂടാരമായിത്തീരുകയും, ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരികയും ദൈവത്തെ ബന്ധപ്പെടുവാനും, സ്പർശിക്കുവാനും, സ്വീകരിക്കുവാനും, അനുഭവമാക്കുവാനും, പ്രവേശിക്കുവാനും, ആസ്വദിക്കുവാനും കഴിയുന്നവനാക്കിക്കൊണ്ട്, ത്രിയേക ദൈവത്തിന്റെ ദേഹരൂപമായിത്തീരുകയും ചെയ്തു
- ജഡാവതാരം, ദൈവത്തെ അഞ്ച് കാര്യങ്ങളിൽ മനുഷ്യനോട് പ്രഖ്യാപിക്കുന്നതിനു വേണ്ടിയാണ്
  - വചനത്തിലൂടെ—ദൈവത്തെ നിർവചിക്കുന്നു—മനുഷ്യൻ ദൈവത്തെ മനസ്സിലാക്കുന്നു
  - ജീവനിലൂടെ—ദൈവത്തെ പകരുന്നു—മനുഷ്യൻ ദൈവത്തെ സ്വീകരിക്കുന്നു
  - വെളിച്ചത്തിലൂടെ—ദൈവം പ്രകാശിക്കുന്നു—മനുഷ്യൻ ദൈവത്തിൽ പങ്കുചേരുന്നു
  - കൃപയിലൂടെ—ദൈവം ആസ്വാദനമാകുന്നു—മനുഷ്യൻ ദൈവത്തിന്റെ ധനത്തിൽ പങ്കുകൊള്ളുന്നു
  - യാഥാർഥ്യത്തിലൂടെ—ദൈവം സാക്ഷാൽക്കരിക്കപ്പെടുന്നു—മനുഷ്യൻ ദൈവത്തെ ഗ്രഹിക്കുകയും അറിയുകയും ചെയ്യുന്നു

## ദൈവത്തിന്റെ കുഞ്ഞാടായി—നൈതിക വീണ്ടെടുപ്പ്

**IV. വീണ്ടെടുപ്പിനുവേണ്ടി ദൈവത്തിന്റെ കുഞ്ഞാടായിത്തീർന്നതിലൂടെ ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിനു വേണ്ടി സംസാരിക്കുന്നു**

- ക്രിസ്തു നമ്മോട്, ദൈവം തന്റെ നീതിക്കൊത്തവണ്ണമുള്ള നടപടിക്രമമായ തന്റെ മരണത്തിലൂടെ തന്റെ വീണ്ടെടുപ്പ് നൈതികമായി എങ്ങനെ നിവർത്തിച്ചുവെന്ന് സംസാരിക്കുന്നു.
- ദൈവത്തിന്റെ പൂർണ്ണ വീണ്ടെടുപ്പ് നിവർത്തിക്കുന്നതിനുള്ള എല്ലാ പഴയനിയമ യാഗങ്ങളുടെയും നിറവേറലെന്ന നിലയിൽ ദൈവത്തിന്റെ കുഞ്ഞാട് ജഡത്തിലുള്ള വചനത്തെ സൂചിപ്പിക്കുന്നു
  - എല്ലാ യാഗങ്ങളുമായ ക്രിസ്തുവിന്റെ പക്കൽ, നമുക്ക് ദൈവത്തിന്റെ പൂർണ്ണ വീണ്ടെടുപ്പുണ്ട്, ഈ വീണ്ടെടുപ്പിനെ നമുക്ക് അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യാം.

## അഭിഷേചിക്കുന്ന ആത്മാവായി—ജൈവീക രക്ഷ

**V. ദൈവത്തിന്റെ ഭവനത്തിന്റെ ജൈവികമായ കെട്ടുപണിക്കുവേണ്ടി ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തെ കല്ലുകളായി രൂപാന്തരപ്പെടുത്തുന്നതിന് അഭിഷേചിക്കുന്ന ആത്മാവായിത്തീർന്നതിലൂടെ, ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിനു വേണ്ടി സംസാരിക്കുന്നു**

- നമ്മുടെ ആത്മാവിലുള്ള അഭിഷേചിക്കുന്ന ആത്മാവായ ക്രിസ്തുവിനു പകരമായി നമ്മുടെ ദൈനംദിന ജീവിതത്തിൽ മറ്റൊന്നിനെയും അനുവദിക്കാതിരിക്കുവാൻ നാം ജാഗരൂകരായിരിക്കണം
- അഭിഷേചിക്കുന്ന ആത്മാവെന്ന നിലയിൽ പ്രാവ് സൃഷ്ടിക്കപ്പെട്ട മനുഷ്യനെ വീണ്ടുംജനിപ്പിക്കുകയും, സ്വാഭാവിക മനുഷ്യനെ ജീവനുള്ള കല്ലുകളായി അഭിഷേകം ചെയ്യുകയും രൂപാന്തരപ്പെടുത്തുകയും, രൂപാന്തരപ്പെട്ട മനുഷ്യനുമായി ഐക്യപ്പെടുകയും ചെയ്യുന്നു

## ഗോവണിയായി—ദൈവത്തിന്റെ കെട്ടിടം

**VI. സ്വർഗത്തെ (ദൈവത്തെ) ഭൂമിയിലേക്ക് (മനുഷ്യനിലേക്ക്) കൊണ്ടുവരാനും ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ഭൂമിയെ (മനുഷ്യനെ) സ്വർഗത്തോട് (ദൈവത്തോട്) ഒന്നായി യോജിപ്പിക്കുവാനും ഗോവണിയായിത്തീർന്നതിലൂടെ ദൈവത്തിന്റെ വചനമായ ക്രിസ്തു ദൈവത്തിനുവേണ്ടി സംസാരിക്കുന്നു**

- ഒരു ഭവനം ഭൂമിയിൽ ഉണ്ടായിരിക്കുവാൻ ദൈവം എത്രമാത്രം ആഗ്രഹിക്കുന്നുവെന്ന്, ബെഥേലിലെ സ്വർഗീയ ഗോവണി ആയിരിക്കുന്നതിലൂടെ ക്രിസ്തു സംസാരിക്കുന്നു.
- ഇന്ന് ദൈവത്തിന്റെ വാസസ്ഥലമായ നമ്മുടെ വീണ്ടുംജനിച്ച ആത്മാവാണ് സ്വർഗീയ ഗോവണിയായ ക്രിസ്തുവിനെ സ്ഥാപിച്ചിരിക്കുന്ന ഭൂമിയിലെ അടിത്തറ. നമ്മുടെ ആത്മാവിലേക്ക് നാം തിരിയുമ്പോഴെല്ലാം, ദൈവത്തെ നമ്മിലേക്കും നമ്മെ ദൈവത്തിലേക്കും കൊണ്ടുവരുന്ന ഒരു ഗോവണിയായി നാം ക്രിസ്തുവിനെ അനുഭവിക്കുന്നു